# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3173** | **18/06/2019 ൽ മറുപടിക്ക്**

### കശുവണ്ടി തൊഴിലാളികളുടെ ജോലി

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായത്തിന്റെ സംരക്ഷണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | പൊതുമേഖലാസ്ഥാപനങ്ങൾ തടസ്സമില്ലാതെ പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുമാവശ്യമായ തോട്ടണ്ടി ലഭ്യമാക്കാനായി കാഷ്യു ബോർഡ് രൂപീകരിച്ചു. നാളിതുവരെ ബോർഡ് ഏകദേശം 17000 മെട്രിക് ടൺ തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. തോട്ടണ്ടി ശേഖരിക്കുന്നതിനാവശ്യമായ ഫണ്ട് കാഷ്യു ബോർഡിന് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം അവസാനം വരെയുള്ള പ്രവർത്തനത്തിനാവശ്യമായ തോട്ടണ്ടി ബോർഡ് മുഖാന്തിരം കാഷ്യു കോർപ്പറേഷനും കാപെക്സും ഇതിനകം സ്റ്റോക്ക് ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും തോട്ടങ്ങളിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കാഷ്യു കോർപ്പറേഷനും കാപെക്സും തോട്ടണ്ടി ശേഖരിച്ചുവരുന്നു. പൊതുമേഖലാ ഫാക്ടറികളുടെ ആധുനികവൽക്കരണത്തിനും ഭാഗിക യന്ത്രവൽക്കരണത്തിനുമുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിനും ബ്രാന്റ് ബിൽഡിംഗിനും നടപടി സ്വീകരിച്ചുവരുന്നു.<br>വിദേശത്തുനിന്ന് ഗുണമേൻമയില്ലാത്ത പരിപ്പ് ഇറക്കുമതി ചെയ്ത് വ്യവസായത്തെ തകർക്കുന്ന കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | നിലപാടിനെതിരെ ശക്തമായ ഇടപെടൽ നടത്തി വരുന്നുണ്ട്.<br>കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>കശുവണ്ടി പരിപ്പ് വിദേശത്തേയ്ക്ക് കയറ്റി അയക്കുന്നതിനുള്ള നടപടികൾ ഈ കാലയളവിൽ പുനരാരംഭിച്ചിട്ടുള്ളതും കഴിഞ്ഞ 2 വർഷങ്ങളിലായ് ദുബായ്,ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് 14 കണ്ടെയ്നർ കശുവണ്ടി പരിപ്പ് കയറ്റി അയച്ചിട്ടുള്ളതുമാണ്.<br>സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി വ്യവസായികളുടെ പാക്കേജ് പരിശോധിച്ച് സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തന മൂലധനത്തിന്റെ പലിശ സർക്കാർ നൽകാൻ തീരുമാനിക്കുകയും ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. ഇതെ തുടർന്ന് ബാങ്കുകൾ കടക്കെണിയിലായ വ്യവസായങ്ങൾക്ക് വായ്പ നൽകാൻ തുടങ്ങിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം പൂട്ടിക്കിടന്ന കുറെയേറെ വ്യവസായങ്ങൾ അധികം താമസിയാതെ തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കാനും സാധിക്കുമെന്നാണ് സർക്കാർ കരുതുന്നത്. |
| (ബി) | നിലവിൽ പ്രവർത്തിച്ചു വരുന്ന കശുവണ്ടി ഫാക്ടറികളിൽ തൊഴിൽചട്ട ലംഘനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | സ്പെഷ്യൽ ഓഫീസർ കാഷ്യുവിന്റെ നേതൃത്വത്തിൽ ഫാക്ടറീസ് ആക്ട് 1948 ഉം ഫാക്ടറീസ് റൂൾ 1957 പ്രകാരം പരിശോധനകൾ നടത്താറുണ്ട് നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കശുവണ്ടി തൊഴിലാളികളുടെ ജോലി ആയാസരഹിതമാക്കുന്നതിന് എന്തെല്ലാം പരിശീലന പദ്ധതികൾ നടപ്പിലാക്കും; വിശദീകരിക്കുമോ? | (സി) | കശുവണ്ടി തൊഴിലാളികളുടെ ജോലി ആയാസരഹിതമാക്കുന്നതിനായി കാപ്പെക്സ് കാഷ്യു കോർപ്പറേഷൻ ഫാക്ടറികളിലെ ഷെല്ലിംഗ് സെക്ഷനുകളിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചു വരികയാണ്. ആയതുപോലെ പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം |

| | | |
|---|---|---|
| | | ചെയ്യുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. വിശ്രമ സമയം ആയാസരഹിതമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോട് കൂടിയ വിശ്രമ മുറികളും, ടോയ് ലെറ്റുകളും സ്ഥാപിക്കുന്നതിനായുള്ള നടപടികളും മാനേജ് മെന്റ് സ്വീകരിച്ചുവരുന്നുണ്ട്. വിവിധ സെക്ഷനുകളിലെ ജോലികൾ ഭാഗികമായ യന്ത്രവത് ക്കരണവും, ആധുനിക വത് ക്കരണവും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പരിശീലന പദ്ധതികളും സ്വീകരിച്ചു വരികയാണ്.<br>നിലവിലുള്ള തൊഴിലാളികൾക്ക് കട്ടിംഗിൽ പരിശീലനം നൽകി ആയാസ രഹിതമായി ജോലി ചെയ്യുന്നതിനുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നു. ഷെല്ലിംഗിൽ പാർഷ്യൽ മെക്കനൈസേഷനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ